Dr. A. R. Menon.—I will simply say one word. There is a Pulaya there, a very poor man. I asked a question, 'why, you are getting only 2 annas for working from morn till night. Now here you are fed three times. You have got blankets, mattresses. What more do you want?' But he said "അതൊക്കെ ശരിയാണ്, പുറത്തേയ്ക്ക് പോകുവാൻ വയ്യല്ലോ വേണ്ടസമയത്തു". It is that deprivation of liberty that is the punishment and not the physical endurance.

Rama Varmha Tampuran.—I can give only a reply that may not be very satisfactory to the House and that is the usual one, that these things will be considered.

Motion withdrawn with leave.

The demand was put and carried.

(5) 12.—Jails—Cranganur—Rs. 270.

Rama Varmha Tampuran.—Sir, I rise to move for an allotment of Rs. 270 under 12—Jails—Cranganur. I request that this amount may be passed by the House.

The demand was put and carried.

(6) 18—Police—Rs. 1,95,835.

Mr. P. Nilakanta Menon.—I rise to move for a grant of Rs. 1,95,835 under Police for the working of my Department for the year 1108. The House would be pleased to see that every care was taken to cut down the expenditure to the lowest level possible consistent with the requirements of efficiency and only the bare inevitable expenditure is asked for in view of the hard times that we are passing through. I request that the same may be granted.

Motion No 1.

Mr. K. P. Vallon:—*To reduce the allotment of Rs. 1,25,832 for Police—Executive by Re. 1.*

സർ, അധഃകൃത മർദ്ദനത്തെ തടയുവാൻ പോലീസ് ഉത്സുകതയും മനഃപൂർവ്വമായും ഉത്സാഹിക്കണമെന്നപേക്ഷിക്കുവാനാണ് ഞാൻ ഈ കട്ട് മോഷൻ കൊണ്ടുവന്നിട്ടുള്ളതു". എന്നാൽ ഇപ്പോഴും അധഃകൃതമർദ്ദനം ഒരു പകച്ചുവ്യാധിയായിട്ടാണ് കാണപ്പെടുന്നതു. എവിടെ നോക്കിയാലും ഏതു പേപ്പറിൽ നോക്കിയാലും എന്തുകൊണ്ട് നോക്കിയാലും അധഃകൃതമർദ്ദനം, അധഃകൃതമർദ്ദനം എന്നുള്ള ഒരു ശബ്ദമേ കേൾക്കാനുള്ളൂ. അധഃകൃതരെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ അവർക്കു പണമില്ല, പഠിപ്പില്ല, കോട്ടകാര്യസ്ഥതയില്ല, മുട്ടാളത്തരമില്ല. ഇങ്ങനെ നോക്കിയാലും അവരെകൊണ്ട് യാതൊരു വിരോധവുമില്ലെന്നിരുന്നിട്ടും കൂടി അവരെ മനഃപൂർവ്വമായി ഉപദ്രവിക്കുന്ന ഒരു സമ്പ്രദായം നമ്മുടെ രാജ്യത്തു് ഒട്ടാകെ പരന്നിട്ടുണ്ട്. ഈ ഒരു വിഷയത്തിൽ പോലീസ് കമ്മീഷണർ അവർകൾ ഉത്സുകതയായി ഉത്സാഹിക്കുകയാണെങ്കിൽ നാശ്ചയമായിട്ടും ഇതു നിന്നുപോകും. ഒരുപക്ഷെ ഒരു അധഃകൃതനെ മർദ്ദിച്ചാൽ അവരിൽ

LIBRARY ARCHIVES Kerala Legislative Assembly

വല്ലവക്കും ത്രാണിയുണ്ടെങ്കിൽ—അധികവും കേസു കൊടുക്കയില്ല—അഥവാ കേസു കൊടുത്താൽ തന്നെയും അതു് പോലീസിന്റെ കയ്യിൽ അനേഷണത്തിനു വരുമ്പോൾ കൈക്കൂലിയും മറ്റും കൊടുക്കുവാനും കയ്യിൽ പണമില്ല. മറ്റുള്ളവരുടെ കഥ നോക്കുകയാണെങ്കിൽ അവക്കു് ധാരാളം പണമുണ്ടു്. അഞ്ചോ, പത്തോ, ഇരുപതോ ഇവർ പോലീസുകാരുടെ കയ്യിൽ വച്ചു കൊടുത്താൽ പിന്നെ ആ കേസു് തീരെനിഷ്പ്രയാസം തന്നെ. ഈ ഒരു സമ്പ്രദായം ഡിപ്പാർട്ട്മെന്റു് മേലദ്ധ്യക്ഷൻ മനസ്സു വച്ചാൽ അഞ്ചുമിനിട്ടുകൊണ്ടു് നിന്നുപോകുമെന്നാണു് ഞാൻ പറയുന്നതു്. കഴിയുന്നതും വേഗത്തിൽ ഈ ഒരു സമ്പ്രദായം നമ്മുടെ സ്റ്റേറ്റിൽനിന്നു കളയേണമെന്നാണു്, അതിലേക്കു് പോലീസു് ഡിപ്പാർട്ട്മെന്റു മേലദ്ധ്യക്ഷൻ നിഷ്കർഷണമായി ഒരു ആർഡർ കൊടുക്കേണമെന്നാണു് എന്റെ അപേക്ഷ. അധഃകൃതരെ എവിടെ മർദ്ദിക്കുന്നുവോ അങ്ങിനെ മർദ്ദിക്കുന്നവരേ എല്ലാം പിടിച്ചു് നിശ്ചയമായിട്ടും തക്കതായ ശിക്ഷകൾ കൊടുക്കണമെന്നു് ഒരു ആർഡർ അയക്കേണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ കട്ടുമോഷണം അവതരിപ്പിച്ചുകൊള്ളുന്നു

മിസ്റ്റർ. ജോജ്ജു് ചാക്കാമറി.—ഞാൻ ഇതിനെ പിന്താങ്ങുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—ഗവർമ്മെണ്ടിനു് ഇതിനെപറ്റി വളരെ സമാധാനങ്ങൾ പറയുവാനുണ്ടാകും. അധഃകൃതർക്കു് ഉപദ്രവങ്ങൾ ഒന്നും നേരിടുന്നില്ല; അഥവാ വല്ലതുമുണ്ടെങ്കിൽ അതിനുവേണ്ട സമാധാനങ്ങൾ ചെയ്യുന്നുണ്ടു്, എന്നെല്ലാം പറഞ്ഞു സ്ഥാപിക്കുവാൻ കഴിയുമെങ്കിലും ഇതിന്റെ പരമാർത്ഥം ഈ രാജ്യത്തിലുള്ള എല്ലാവർക്കുമറിയാം. അധഃകൃതർക്കു് ഗവർമ്മെണ്ടു കൊടുത്തിട്ടുള്ള രക്ഷകൊണ്ടുണ്ടായിട്ടുള്ള ഉണർച്ചകൊണ്ടു തക്കവണ്ണം അവർ ജീവിക്കുവാൻ തുടങ്ങിയാൽ അവർക്കു് വലിയ ബുദ്ധിമുട്ടുകൾ നേരിടാനുണ്ടു്. ഒരു പുലയൻ അല്പം ഭേദമായി നടക്കുന്നുവെങ്കിൽ അതു് ഈഴവർക്കും, വാലന്മാർക്കും, ബ്രാഹ്മണർക്കും, നായന്മാർക്കും, ആർക്കും രസിക്കയില്ല. "ഹും—അവന്റെ അഹമ്മതി! നോക്കു അവന്റെ സ്വാതന്ത്ര്യം!! അവൻ പുലയനല്ലേ? ഇത്രമൂത്തുപോയോ?" എന്നിങ്ങിനെ എല്ലാസ്ഥലത്തും പറയുന്നതുകേൾക്കാം. അവരെ അടിച്ചാൽതന്നെ ആരാണനേഷിപ്പാൻ? അനേഷിപ്പാൻ വരുന്ന പോലീസുകാരും മറ്റുള്ളവരുടെ വശത്തു ചേരും. ഇതു് ഒരു നിയമംകൊണ്ടല്ല തടയേണ്ടതു്. ബഹുമാനപ്പെട്ട അധഃകൃത മെമ്പർ പറഞ്ഞതുപോലെ ഈ സംഗതികളിൽ പോലീസു് കമ്മിഷണരുടെ ഹാജരെത്തണം. ശ്രദ്ധാന്തയുണ്ടെങ്കിൽ അദ്ദേഹം പറഞ്ഞപോലെ അതു വേഗത്തിൽ തീരും. പോലീസ് കമ്മീഷണരെപറ്റി പറയുകയാണെങ്കിൽ അദ്ദേഹം സ്വതേ വളരെ നല്ല മനുഷ്യനാണു്. പക്ഷെ ചില ഉദ്യോഗസ്ഥന്മാരുടെമേൽ വേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിടത്തോളം കൺതോം എടക്കുന്നില്ല. അതുകൊണ്ടു പലബു ദ്ധിമുട്ടുകളും ഈ നാട്ടുകാരിൽ ചിലർ അനുഭവിക്കുന്നുണ്ടു്. ഈ അന്യായത്തേയും അധർമ്മത്തേയും അനുഭവിച്ചുകൊണ്ടു് ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ നിയമത്തിനുള്ളിൽകൂടി രക്ഷപ്രാപിക്കുക എന്നുള്ള സംഗതി എത്ര പണച്ചിലവുള്ള കാര്യമാണു്? എത്ര വക്കീലന്മാരുടെ സഹായം വേണം? എത്ര കൌശലവും തട്ടിപ്പും ആവശ്യമാണു്? ഇതെല്ലാം ഈ സാധുക്കൾക്കു് സാധിക്കുന്നതാണോ? ഈ കാര്യത്തിൽ വേണ്ടാത്ത തക്കങ്ങളും വാദങ്ങളും കോലാഹലങ്ങളും എടുക്കാതെ വല്ലതും പരിഹാരം ചെയ്യാൻ ഭാവമുണ്ടെങ്കിൽ അതു ചെയ്യേക്കുക. ഞാൻ ഇതിനെ ബലമായി പിന്താങ്ങുന്നു.

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഈ കാര്യത്തിൽ പോലീസു് വളരെ ഉത്സാഹമായിട്ടും, മനഃപൂർവ്വമായിട്ടും ശ്രദ്ധ വയ്ക്കുന്നുണ്ടു്. എന്നുമാത്രമല്ല, പോലീസുകാരിൽനിന്നല്ല ഈ തകരാറുകളൊക്കെ വരുന്നതു". അടി കൊണ്ടവർതന്നെ കൈക്കൂലി വാങ്ങിച്ചിട്ടു് കേസു് രാജിയാകുന്നുണ്ടു്. അതിന്റെ ഒരു ലിസ്റ്റ് എന്റെ കയ്യിലുണ്ടു്. ക ഠ ങ -ൽ ഫ ട കേസുകളുണ്ടായിരുന്നതിൽ ക ങ -ം മുമ്പുപറഞ്ഞതുപോലെ പോലീസുകാരുടെ കയ്യിൽനിന്നും പോയി. ക ഠനു-ൽ ക ർ കേസുകൾ കൊടുത്തിരുന്നു. അതിൽ ക ക -ം രാജിയായി തീർന്നുപോയി. ഇങ്ങിനെയെല്ലാം ബുദ്ധിമുട്ടി കേസുകളിൽ തെളിവു കിട്ടുമെന്നുള്ള നിലവരുമ്പോൾ അടി കൊണ്ടവർതന്നെ രാജിയായി തീർന്നു് ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനും പുറമെ ഞങ്ങളുടെ സ്റ്റാറ്റിസ്റ്റിക്സ് കൂടി ചീത്തയാക്കികളയുകയാണു് ചെയ്യുന്നതു്. ബഹുമാനപ്പെട്ട മെമ്പരുടെ ഒരു സ്വന്തം കേസുണ്ടായിരുന്നു. അതും വളരെ ഉത്സാഹത്തിയായി നടന്നുവരവെ അതും ഒരു വിധം തമ്മിൽ തീരുകയും, അധഃകൃത സംരക്ഷകൻ കേസു് പിൻവലിക്കണമെന്നു് ആവശ്യപ്പെടുകയും കേസു് പിൻവലിക്കുകയും ചെയ്തു. ക ഠ-ലും ഈ വക കേസുകൾക്കു പ്രത്യേകിച്ചു് ഒരു പട്ടിക വച്ചിട്ടുള്ളതാണു്. ഇതുവരെ ഫ ഭ കേസുകളുണ്ടായിരുന്നതിൽ ക ങ -ം അതുപോലെതന്നെ തീർന്നു പോയി. കേസു നടന്ന സ്ഥലത്തുചെന്നു് അന്വേഷിയ്ക്കാൻ പോലീസുകാർ പോകുമ്പോഴേയ്ക്കും അതു് രാജിയായിട്ടു തീർന്നുവെന്നാണു് അധികം കേൾക്കാറുള്ളതു്. അതുകൊണ്ടു് കേസു കൊടുത്താൽ ഈ മാതിരി രാജി കൊടുക്കാതെ അവസാനംവരെ ഉത്സാഹത്തിയായി നടത്തുന്ന കാര്യത്തിൽ അവരും കൂടി പ്രത്യേകം ശ്രദ്ധവയ്ക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ.—രാജി കൊടുക്കുന്നതിനു് പോലീസുകാരുംകൂടി പ്രേരിപ്പിയ്ക്കുന്നില്ലെന്നുള്ളതിനു് തെളിവുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—എങ്ങിനെ ആയാലും പോലീസുകാർ ചീത്ത കാര്യംചെയ്വാൻ വേണ്ടി ജനിച്ചവരാണു". അതുകൊണ്ടൊന്നും വിരോധമില്ല ഏതായാലും കാര്യങ്ങൾക്കു ഗുണം വരണമെന്നുണ്ടെങ്കിൽ, ഇങ്ങനെ അടികൊള്ളാനും, തല്ലുകൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളാനും ഇടവരാതിരിയ്ക്കണമെന്നുണ്ടെങ്കിൽ അധ:കൃതവർഗ്ഗക്കാർ കുറെകൂടി കേസുനടത്തുന്ന കാര്യത്തിൽ ശ്രദ്ധാന്തി കാണിയ്ക്കുയും, രാജിയായി തമ്മിൽ തീരാതിരിയ്ക്കുയും ചെയ്യണം. എന്നാലേ പോലീസുകാരുടെ ശ്രദ്ധകൊണ്ടു് വല്ല ഗുണവും ഉണ്ടാകയുള്ളൂ.

മിസ്റ്റർ എ. ഈച്ചരമേനോൻ.—ചിറ്റൂർ താലൂക്കിൽ വല്ല കേസുകളുമുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—താലൂക്കു തിരിച്ചുള്ള ലിസ്റ്റ് ഇവിടെ കൊണ്ടുവന്നിട്ടില്ല. അതിലേയ്ക്കു നോട്ടീസു് വേണം.

Mr. George Chakyamuri.—Sir the information given is wrong.

Deputy President.—You have no voice now. You have abready seconded the motion.

മിസ്റ്റർ കെ. പി. വള്ളോൻ.—അധ:കൃതരുടെ ഇടയിൽ ഉണ്ടാകുന്ന കേസുകൾ പോലിസന്വേഷണത്തിൽ വരുമ്പോൾ രാജിയായി തീർന്നുപോകുന്നതായി അറിവുകിട്ടുകയാണു് എന്നു് ഗവർമ്മെൻറിൽനിന്നും മറുപടി പറഞ്ഞു. എന്നാൽ വാസ്തവത്തിൽ അവരുടെ പേടികൊണ്ടാണു് അങ്ങനെ അവർ രാജിയായി തീർക്കുകയുന്നതു്. (Hear, hear) ഈ അടുത്ത അവസരത്തിൽതന്നെ—അതു് ഇപ്പോൾ കഴിഞ്ഞിട്ടു് ഒരാഴ്ചയായിരിയ്ക്കുയില്ല. മുമ്പു് ഓച്ചുന്തരത്തിൽ ഒരു കേസുണ്ടായി. പിച്ചാത്തികൊണ്ടു കുത്തുകയാണുണ്ടായതു്. പോലീസുകാർ അതിനു വേണ്ട നടപടി നടത്തി. തെളിവെടുത്തു് ശിക്ഷിയ്ക്കാൻ വേച്ചിരിയ്ക്കുയായിരുന്നു. ആ അവസരത്തിൽ എതിർകക്ഷികൾ അയാളെ വഴിയിൽവച്ചു വളഞ്ഞു. ഈ കേസു് രാജിയായിതീരുവാൻ നിങ്ങൾക്കു മനസ്സുണ്ടോ? എന്നു ചോദിച്ചു. അതിനു് ആ പാവം ഇൻസ്പെക്ടരോടു ചോദിച്ചില്ലാതെ തീരുവാൻ നിവൃത്തിയില്ലെന്നു് മറുപടി പറഞ്ഞു. അപ്പോൾ അവരെല്ലാവരും കൂടി നിങ്ങൾ ഈ കേസു് ഇപ്പോൾ തന്നെ രാജിയായില്ലെങ്കിൽ നിങ്ങളെ കൊന്നുകളയുമെന്നു പറഞ്ഞു. ആ പാവം പിന്നെയും മടിച്ചപ്പോൾ അവർ അയാളെ കഠിനമായി പ്രഹരിച്ചിരിക്കുന്നതായി പോലീസു് ഡിപ്പാർട്ടുമെണ്ടിൽ ഹർജി ബോധിപ്പിച്ചിട്ടുണ്ടു്. ഇങ്ങിനെയുള്ള സംഭവങ്ങൾ ധാരാളം നടക്കുന്നുണ്ടു്. അധ:കൃതർ വാസ്തവത്തിൽ തല്ലിനെ പേടിച്ചിട്ടാണു് ഇങ്ങനെ തമ്മിൽ തീർക്കുകയുന്നതു്. ഈ ഒരു കാര്യത്തിൽ ഗവർമ്മെണ്ടിൽ നിന്നും നിയമം മാത്രം വച്ചാൽ മതിയെന്നു് വിചാരിച്ചാലൊന്നും അതു നില്ക്കുകയില്ല. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ പോലീസു് വളരെ ഉത്സാഹത്തോടെ അതിനെ പറ്റി അന്വേഷിച്ചു വേണ്ടതു പ്രവൃത്തിയ്ക്കുണ്ടതാണു്. പിന്നെ ബഹുമാനപ്പെട്ട കമ്മീഷണർ പറഞ്ഞതുപോലെ എന്റെ പേരിൽ ഒരു കേസുണ്ടായിരുന്നു. അതു ഞാൻ തന്നെ സ്വന്ത മനസ്സാലെ തീർത്തല്ല. ഇൻസ്പെക്ടരും ഞങ്ങളുടെ സംരക്ഷകനും കൂടിട്ടു്

LIBRARY ARCHIVES Kerala Legislative Assembly

അതു രാജിയാകണമെന്നു് എന്നോടുപദേശിച്ചു. എന്നാൽ ഇവരെല്ലാവരും പറഞ്ഞ സ്ഥിതിയ്ക്കു് അതു തമ്മിൽ തീർക്കയാ മെന്നുദ്ദേശിച്ചു തീർന്നതാണു്. കേസു് അവസാനിച്ചതിനു ശേഷ മാണു് പ്രൊട്ടക്ടർ എതുകക്ഷികളുടെ (ഈഴവരുടെ) ഭാഗം ചേ ർന്നതെ സംസാരിച്ചതെന്നു് ഞാൻ മനസ്സിലാക്കിയതു്. വാസ്തവ ത്തിൽ എനിയ്ക്കു് ആ കേസു് തമ്മിൽ തീരണമെന്നുദ്ദേശമില്ലായി രുന്നു. അതുകൊണ്ടു്ഞാൻ പറയുന്നതു്ഇതിനൊരു നിയമം വച്ചതു കൊണ്ടൊന്നും സാധിക്കയില്ല. ഈ വക കാര്യങ്ങളിൽ കമ്മീഷ ണർ അവർകൾ തന്നെ ഇഷ്ടപ്രകാരം വേണ്ട ശ്രമമെടുത്തു് നടപ ടികൾ ഉദ്ദേശിതമായി നടത്തണം. എങ്കിലേ ഈ രാജ്യത്തു് ഈ വിധത്തിലുള്ള ബഹളങ്ങളൊന്നുമുണ്ടാകാതിരിക്കുകയുള്ളൂ. അ ധികൃതരുടെ മനസ്ഥിതി പഴയ നിലയിൽ നിന്നും ഇപ്പോൾ കു റെ ഭേദപ്പെട്ടിട്ടുണ്ടു്. എങ്കിലും അടിയെ അവർ ഭയപ്പെടാതെ എന്തു ചെയ്യും? ഞാൻ തന്നെ എറണാകുളത്തു വരുമ്പോൾ ചില പ്പോൾ കോട്ടു് ഇടാറുണ്ടു്. സമയമറിയുവാൻ വേണ്ടി ഒരു ചൊ യവാച്ചും കയ്യിൽ കെട്ടാറുണ്ടു്. അതു് എനിക്കാവശ്യമുള്ളതായതു കൊണ്ടാണു് ഞാനതു ചെയ്യുന്നതു്. അതു കാണുമ്പോൾ ചിലക്കെ ല്ലാം വലിയ ക്ഷോഭമോ കണ്ണുകടിയോ ഒക്കെ ഉണ്ടു്. (ചിരി)ഞാൻ ഒരു ലജിസ്ലേറ്റീവു് കൌൺസിൽ മെമ്പറാണെങ്കിലും തല്ലിയാ ൽ കൊള്ളാതെ തല്ലുവാങ്ങാൻ തരമില്ലല്ലൊ. അതുകൊണ്ടു് രാത്രിസ മയത്തും മറ്റും ഞാൻ വളരെ സൂക്ഷിച്ചാണു് നടക്കുന്നതു്. എ ന്നോടു് പലർക്കും ഇക്കാര്യത്തിൽ വലിയ മനഃപൂർവ്വമുണ്ടു്. ഞാൻ പറയുന്നതു്—ഡിപ്പാർട്ടുമെൻറിനു് മേലദ്ധ്യക്ഷനു തന്നെ ഇതിൽ പ്ര ത്യേക ശ്രദ്ധയുണ്ടെങ്കിൽ—അദ്ദേഹത്തിൻറെ ഒരൊറ്റ മനുസ്സുണ്ടെ ങ്കിൽ ഈ പകർച്ചവ്യാധി പോലെ പടർന്നു പിടിച്ചിരിക്കുന്ന അധഃ കൃതമട്ടിനത്തെ മസൂരി കുത്തിവയ്ക്കുന്നതു പോലെ എളുപ്പത്തിൽ നിറുത്താവുന്നതാണു്". ശവമ്മെണ്ടു് ഇതിനെ കഴിയുന്നതും വേഗ ത്തിൽ നിറുത്തിത്തരേണ്ടതാണെന്നു മാത്രമേ എനിയ്ക്കു് അപേക്ഷ യുള്ളൂ.

ഡെപ്യൂട്ടി പ്രസിഡെണ്ടു്.—മിസ്റ്റർ വള്ളോൻ ഇതിനെ പി ൻവലിക്കുന്നുവോ, വോട്ടിനിടണമെന്നു പറയുന്നുവോ?

മിസ്റ്റർ കെ. പി. വള്ളോൻ.—ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷൻ ഇതിൽ വേണ്ടപോലെ അന്വേഷണം നടത്തി പ്രവൃത്തിക്കാമെ ന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിക്കുന്നു.

The motion was withdrawn with leave of the House.

Motion No. 2.

Mr. K. Mohamed Seethi.—*To reduce the allotment of Rs. 1,95,835 for Police by Re 1.*

Sir, I know that the Government are not unsympathetic in the matter of recruiting Muslims to the Police Department and

LIBRARY ARCHIVES Kerala Legislative Assembly

I have had occasion to know that the Departmental Head also has been showing some sympathy in the matter of recruitment. But the request which I make to the Government is that greater encouragement and greater sympathy should be shown to Muslim candidates in the matter of recruitment to the constabulary and other ranks of the Police Department. I know instances in which some applications from Muslims for places of constables were not accepted for reasons which I do not myself know and I had occasion to come across one or two applicants who were asked to appear before the Commissioner of Police on one or two occasions and yet were not recruited. I had occasion to speak to the Commissioner of Police on this matter after sending this cut and he had the kindness to tell me that when a future recruitment takes place the cases of these applicants would be sympathetically considered. In the matter of recruitments to the grade of Head constables and Sub-Inspectors greater encouragement should be given to the Muslim applicants and if qualified Muslims put in their applications it is my request that the Government should sympathetically consider their cases, and overcome technical difficulties, if any, and that real and genuine sympathy should be made to prevail in recruiting them. That is all the point that I want to bring to the notice of the Government in moving this motion.

Dr. A. R. Menon.—While endorsing every word spoken by Mr. Seethi another additional reason why it should be possible to take the Mohamadans to the Police Department is that the followers of Mohamed are prohibited from alcoholic beverage and lately there has been exhibited a tendency to imbibe more alcohol than is good for the Police force. Therefore, if we can get people who are prohibited from taking alcohol that would be an improvement to the Police force. And there is another philosophy about the thing. Those races that are prohibited from drinking and those officers who are not now without them when they take to alcohol their balance is much more easily upset. Such exhibitions have been shown to the eternal discredit of the Police force. The most disgraceful exhibition of Police drunkenness has been shown. Therefore I am bringing the point why more Musalmans should be recruited, the reason why such drunkards should not be recruited to the Police force. I am giving the reason why Muhamadans should be taken, because Muhamadans do not drink and the present police are the worse for alcohol. That is the way I connect the two together. Therefore it would be to the interest of the public, it would be to the credit of the Police force, if you take all the members of the force from the Muhamadan race.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.—മുസ്ലീമിങ്ങളെ പോലീസിൽ റെക്രൂട്ട് ചെയ്യണമെന്നുള്ള അപേക്ഷയോടു ഞാൻ യോജിക്കാതിരിക്കുന്നില്ല. മുസ്ലീമിങ്ങളും മദ്യപാനികളല്ലാത്തതു കൊണ്ടു് അവരെ പോലീസിൽ എടുക്കുന്നതു പ്രത്യേകിച്ചും നന്നായിരിയ്ക്കുമെന്നു് ചെറുതുരുത്തി മെമ്പർ പറയുകയുണ്ടായി. മദ്യമുണ്ടാക്കുന്നവർ കടിക്കുന്നതു് കച്ചവടത്തിനു് ഹാനിയാണെന്നു കണ്ടിട്ടോ എന്തോ അവർക്കു കൂടി കുറവാണു്. അങ്ങിനെ ഈഴവരും മദ്യപാനമില്ലാത്തവരാണെ. അവരേയും റെക്രൂട്ട് ചെയ്യുന്നതു നന്നായിരിക്കുമെന്നാണു് ഞാൻ പറയുന്നതു.

Mr. P. Nilakanta Menon:—Muslims are generally given preference as backward classes and every year Muslims are taken to the constabulary force. Only they are not coming forward in greater numbers.

Motion withdrawn with leave of the House.

Motion No. 3.

Mr. K. Ayyappan.—*To reduce the allotment of Rs. 1,95,835 for Police by Re. 1.*

ഈ റിട്രെഞ്ചുമെന്റു കാലത്തു് ഒരു പുതിയ പോലീസ് സ്റ്റേഷൻ വയ്ക്കണമെന്നു പറഞ്ഞാൽ ശരിയ്ക്കുണ്ടു് അതു സാധിക്കയില്ലെന്നു പറയും. ഇടക്കൊച്ചിയിൽ ഒരു പോലീസ് സ്റ്റേഷൻ വയ്ക്കേണ്ടുന്ന ആവശ്യമുണ്ടു്. ഈ സംഗതി കമ്മീഷണർ അവർകൾക്കും അറിയാം. ഇതിനു് പള്ളുരുത്തിയിലെ സ്റ്റേഷൻ ഇടക്കൊച്ചിയിലേക്കു മാറ്റിയാൽ മതി. പള്ളുരുത്തി സ്റ്റേഷൻ ഇരിയ്ക്കുന്നതു് മട്ടാഞ്ചേരിയുടെ അത്തിക്കടന്നാണു്. മട്ടാഞ്ചേരി സ്റ്റേഷൻ കൊണ്ടു് അവിടത്തെ ആവശ്യം നടക്കും. അതുകൊണ്ടു് പള്ളുരുത്തി സ്റ്റേഷൻ ഇടക്കൊച്ചിക്കു മാറ്റണമെന്നു് അപേക്ഷിയ്ക്കുന്നു.

Mr. P. Nilakanta Menon.—The point will be considered. In fact there is already a proposal to shift the Cochin station to the Edakochi side. That would be a more central place also so far as the jurisdiction is concerned. The adjacent sea-board villages which show always a tendency to create breaches of peaces could be better controlled.

The motion was with leave withdrawn.

The demand was then put and carried.

(7.) 13—Police—Cranganur—Rs. 7,284.

Mr. P. Nilakanta Menon.—I rise to move for a grant of Rs. 7,284 under Police—Cranganur.

The Demand was put and carried.

(8.) 27—Public Works—Rs. 13,79,359.

Mr. V. K. Aravindaksha Menon.—Sir, I have great pleasure to stand here to-day to move for the annual grant for

LIBRARY ARCHIVES Kerala Legislative Assembly